15800

രജ്ജിനി,
രജ്ജിനി ഭവനം,
കടമ്പനാട് സൗത്ത്, മനംപുഴ പി.ഒ,
എഴാംമൈല്, കൊല്ലം ജില്ല.

ഡയറക്ടർ,
സാമൂഹ്യക്ഷേമ നീതി വകുപ്പ്,
വികാസ് ഭവൻ,
തിരുവനന്തപുരം.

ബഹുമാനപ്പെട്ട സർ,

വിവരവകാശ നിയമം അനുസരിച്ച് താഴെപ്പറയുന്ന വിവരങ്ങൾ ലഭ്യമാക്കാൻ താൽപര്യപ്പെടുന്നു.

1. കേന്ദ്ര സർക്കാരിന്റെ 2018-ലെ നാഷണൽ Disability അവാർഡിനായി കേരളത്തിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അപേക്ഷകരുടെ പേര്, വിലാസം മറ്റു വിവരങ്ങൾ എന്നിവ ലഭ്യമാക്കുക.
2. ചോദ്യം ഒന്ന് പ്രകാരം അപേക്ഷകൾ ലഭിച്ചിട്ടുണ്ടെങ്കിൽ അവയിൽ എത്ര എണ്ണം കേരള സർക്കാരിന്റെ ശുപാർശ സഹിതം കേന്ദ്രത്തിലേയ്ക്ക് അയച്ചുകൊടുത്തിട്ടുണ്ട്. അവരുടെ പേരും, വിലാസവും മറ്റു വിവരങ്ങളും ലഭ്യമാക്കുക
3. നാഷണൽ Disability അവാർഡിനായി കേരള സർക്കാരിൽ ഇത്തരത്തിലുള്ള അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി എന്നായിരുന്നു.
4. അപേക്ഷ ലഭിക്കേണ്ട തീയതി ദീർഘിപ്പിച്ചുകൊണ്ട് കേന്ദ്ര സർക്കാരിൽ നിന്നും അറിയിപ്പ് ലഭിച്ചിട്ടുണ്ടോ. എങ്കിൽ ഏത് തീയതി വരെയാണ് ദീർഘിപ്പിച്ച് നൽകിയിട്ടുള്ളത്.
5. ചോദ്യം ഒന്ന് പ്രകാരം ലഭിച്ചിട്ടുള്ള അപേക്ഷകൾ കേന്ദ്ര സർക്കാരിലേയ്ക്ക് ശുപാർശ ചെയ്തുകൊണ്ട് അയക്കാതിരുന്നിട്ടുണ്ടോ? എങ്കിൽ കാരണം എന്തായിരുന്നു. ആയത് വ്യക്തമാക്കേണ്ടതാണ്.
6. കേരള സർക്കാരിന്റെ screening കമ്മിറ്റി കൂടിയിട്ടുണ്ടോ: ആയത് എന്നാണ് കൂടിയത്.

7. കേന്ദ്ര സർക്കാരിന്റെ 2018-ലെ നാഷണൽ Disability അവാർഡിനായി കേരളത്തിൽ ആരെങ്കിലും തെരഞ്ഞെടുത്തിട്ടുണ്ടോ: ഉണ്ടെങ്കിൽ പ്രസ്തുത വ്യക്തിയുടെ പേരും, വിലാസവും മറ്റ് വിവരങ്ങളും ലഭ്യമാക്കേണ്ടതാണ്.

കേന്ദ്ര സർക്കാർ നാഷണൽ Disability അവാർഡ് വിതരണം നടത്തുന്നത് 03/12/2018-ലാണ്. ആയതിനാൽ പ്രസ്തുത തീയതിയ്ക്ക് 14 ദിവസം മുൻപ് ലഭ്യമാക്കിയാൽ മാത്രമേ എനിക്ക് തുടർ നടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളു. ടി സാഹചര്യത്തിൽ ആവശ്യപ്പെട്ട വിവരങ്ങൾ എത്രയും വേഗം ലഭ്യമാക്കണമെന്ന് അപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ,

കൊല്ലം
09/11/2018

(ഒപ്പ്)

രജ്ജിനി
രജ്ജിനി ഭവനം,
കൊല്ലം ജില്ല.